അടിസ്ഥാനത്തിലും സ്കൂൾ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് അടക്കമുള്ള മറ്റ് രേഖകളുടെ അടിസ്ഥാനത്തിലുമാണ്. ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തതയും പഠനവും ആവശ്യമുണ്ടെങ്കിൽ കിർത്താഡ്സിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ചാണ് സർട്ടിഫിക്കറ്റ് നൽകിവരുന്നത്. ഇതിന് സംസ്ഥാനമൊട്ടാകെ ഒരേ മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്. കോട്ടയം ഇടുക്കി ജില്ലകൾക്ക് പ്രത്യേക മാനദണ്ഡമൊന്നും നിലവിലില്ല. മറ്റ് സംസ്ഥാനങ്ങളിലെ അതിർത്തി ജില്ലകളിലുള്ളവരും അയൽ സംസ്ഥാനങ്ങളിൽനിന്ന് കുടിയേറിപ്പാർത്തവരുമായ പിന്നാക്ക സമുദായങ്ങൾക്ക് പട്ടിക വിഭാഗങ്ങൾക്കുള്ള ആനുകൂല്യം ലഭിക്കാൻ ഭരണഘടന പ്രകാരം 1950-ന് മുമ്പ് കുടിയേറി പാർത്തതിനുള്ള രേഖകൾ ഹാജരാക്കേണ്ടതുണ്ട്. ഇതിനനുസരിച്ച് മാത്രമേ ജാതി സർട്ടിഫിക്കറ്റ് നൽകാൻ കഴിയൂ. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗപ്പെടുത്തി അനർഹർ തട്ടിയെടുക്കരുതെന്ന നയമാണ് സർക്കാരിനുള്ളത്. ഇതനുസരിച്ച് ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ ജാഗ്രത പുലർത്താനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശമുണ്ട്. തെറ്റായ ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്ന ഉദ്യോഗസ്ഥർക്കെതിരായി നിയമ നടപടികൾ സ്വീകരിക്കാനും ഇപ്പോൾ വ്യവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ റേഷൻ കാർഡിന്റെ മാത്രം അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുവാനാകുകയില്ല. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധികാരിക രേഖയായി ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പരിശോധിക്കുന്നതാണ്.

(5) കരിങ്കൽഭിത്തി

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സർ, തിരൂർ പുറത്തൂർ-കുറ്റിക്കാട് കടവിൽ കരിങ്കൽഭിത്തി കെട്ടി കര സംരക്ഷിക്കുക എന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. പൊന്നാനി ഹിഷിംഗ് ഹാർബറിന്റെ പ്രവർത്തി വളരെ വേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ വളരെയധികം ജനങ്ങൾക്ക് സന്തോഷവുമുണ്ട്. പക്ഷേ ഇതിനിടയിൽ പുലിമുട്ട് കെട്ടിയതിന്റെ ഭാഗമായി കടലിൽ വേലിയേറ്റ സമയത്ത് വെള്ളം ധാരാളമായി ഭാരതപ്പുഴയിലേക്ക് ഒഴുകി പുറത്തൂരിന്റെ കരകൾ ഇടിഞ്ഞ് താഴ്ന്നുകൊണ്ടിരിക്കുകയാണ്. നൂറുകണക്കിന് പാവങ്ങളാണ് ആ കരകളിൽ താമസിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ കൂരകൾ ഏതു സമയത്തും ഇടിഞ്ഞുപൊളിഞ്ഞു വീഴാനുള്ള സാധ്യതകളുണ്ട്. അതുകൊണ്ട് അടിയന്തരമായി ഈ കര സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ഭാരതപ്പുഴ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് റിവർ മാനേജുമെന്റ് ഫണ്ടിൽനിന്ന് കരിങ്കൽ ഭിത്തി നിർമ്മിക്കാനായി തുക അനുവദിക്കുവാൻ കഴിയും. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഈ പ്രയാസങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നാശനഷ്ടങ്ങളും അവിടെയുള്ളതാണ്. അത് കണക്കാക്കി പുഴയുടെ സംരക്ഷണം എന്ന അടിസ്ഥാനത്തിൽ നല്ല ഒരു പദ്ധതി തയ്യാറാക്കി ജില്ലാ വിദഗ്ദ്ധ കമ്മിറ്റിയിൽ അവതരിപ്പിച്ച് അവരുടെ അനുമതിയോടുകൂടി ഗവൺമെന്റിലേക്ക് അയച്ചാൽ തീർച്ചയായും എത്രയും വേഗത്തിൽ അത് സംസ്ഥാന ലെവൽ കമ്മിറ്റിയിൽ വച്ച് അംഗീകാരം നൽകാവുന്നതാണ്.

(6) സഹകരണ ബാങ്ക് നിക്ഷേപം

ശ്രീ. കെ. ശിവദാസൻ നായർ : സർ, പത്തനംതിട്ട ജില്ലയിലെ കുളനട സർവ്വീസ് സഹകരണ ബാങ്കിൽ പണം നിക്ഷേപിച്ചിട്ടുള്ള നിക്ഷേപകർക്ക് പണം മടക്കി കിട്ടുന്നില്ല എന്ന ഗുരുതരമായ സ്ഥിതി വിശേഷമുണ്ട്. അതിൽ ഇടപെടുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിനു പുറത്തുള്ള സർവ്വീസ് സഹകരണ സംഘങ്ങളേക്കാൾ നമുക്കുള്ള മെച്ചം നമ്മുടെ നാട്ടിലെ പ്രൈമറി സഹകരണ സംഘങ്ങൾ സുരക്ഷക്കണക്കിന് രൂപ നിക്ഷേപമായി സ്വരൂപിക്കുന്നു എന്നുള്ളതാണ്. ഈ നിക്ഷേപങ്ങൾക്ക് ഗവൺമെന്റിന്റെ ഒരു പരിരക്ഷയുണ്ട് എന്നുള്ള വിശ്വാസത്തിലാണ് ആളുകൾ ഈ സർവ്വീസ് സഹകരണ ബാങ്കിൽ പണം നിക്ഷേപിക്കുന്നത്. അല്ലാതെ ഇൻഷ്വറൻസും മറ്റ് കാര്യങ്ങൾ ഒന്നും തന്നെയില്ല. അപ്പോൾ ഏതെങ്കിലും സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപകന്റെ പണം മടക്കിക്കൊടുക്കുവാൻ പറ്റുന്നില്ലെങ്കിൽ അത് മൊത്തം സർവ്വീസ് സഹകരണ ബാങ്കുകളിലെ നിക്ഷേപത്തെത്തന്നെ ദോഷകരമായി ബാധിക്കും. അതുകൊണ്ട് ജില്ലാ സഹകരണബാങ്കിനേയും സർവ്വീസ് സഹകരണ ബാങ്കിനേയും അതുപോലെ ഡിപ്പാർട്ടുമെന്റിനേയും ഇടപെടുവിപ്പിച്ച് ഇക്കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കുളനട സർവ്വീസ് സഹകരണ ബാങ്ക് ഭാരവാഹികൾ വളരെ ഗുരുതരമായ അഴിമതിയും ധന ദുർവിനിയോഗവും നടത്തിയതിന്റെ ഫലമായി 2001 മുതലുള്ള കാലയളവിൽ, അഞ്ച് വർഷക്കാലം അവിടെയുള്ള ഡെപ്പോസിറ്റേഴ്സിന്റെ നാല് കോടിയോളം രൂപ തിരികെ നൽകാനുണ്ടായിരുന്നു. ആ കാലത്ത് നടപടികളൊന്നും ഉണ്ടായില്ല. ഈ ഗവൺമെന്റ് വന്നശേഷം അന്വേഷണം നടത്തുകയും നിലവിലുള്ള ഭരണ സമിതിയെ പിരിച്ചുവിടുകയും ചെയ്തു. അതിനെതിരെ തൽപ്പര കക്ഷി ആർബിട്രേഷൻ കോടതിയിൽ പോകുകയും ആർബിട്രേഷൻ കോടതി ഗവൺമെന്റ് തീരുമാനം റദ്ദാക്കുകയുമാണുണ്ടായത്. വീണ്ടും ഗവൺമെന്റ് അപ്പീൽ ഫയൽ ചെയ്ത് നടപടികൾ സ്വീകരിച്ചുവെങ്കിലും അഴിമതി ആരോപണത്തിന് വിധേയയായ സെക്രട്ടറി ശ്രീമതി രാധാമണി അമ്മയുടെ പേരിൽ ഡബ്ല്യു.പി.സി. 18364/2009-ലെ കോടതി വിധി പ്രകാരവും സഹകരണ നിയമം 68(1) വകുപ്പ് അനുസരിച്ചും സ്വീകരിച്ച നടപടി വീണ്ടും റദ്ദ് ചെയ്യുകയും അങ്ങനെ ഫലത്തിൽ തെരഞ്ഞെടുപ്പിന് വഴിയൊരുക്കുകയും ചെയ്തു. തെരഞ്ഞെടുപ്പോടുകൂടി പുതിയ ഭരണസമിതി വന്നു. പുതിയ ഭരണ സമിതി ചൈസ കൊടുക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly